# നടുവൊടിക്കുന്ന റോഡ് യാത്രക്കാർ സംഘടിക്കുക

പി.എ. അശോകൻ

**ശരാശരി** 50 കിലോമീറ്റർ ദിവസവും യാത്രചെയ്യുന്ന ഒരാൾക്ക് കഴിഞ്ഞ മൂന്നുമാസമായി യാത്ര മൂലം എന്തെങ്കിലും ശാരീരിക അസ്വസ്ഥതകൾ ഉണ്ടാകാതിരിക്കാൻ ഇടയില്ല. വൈകീട്ട് യാത്ര കഴിഞ്ഞ് വീട്ടിലെത്തുമ്പോൾ അരക്കെട്ടുമുതൽ കഴുത്തുവരെയുള്ള ഭാഗങ്ങളിൽ വേദനയും കഴപ്പും തുടങ്ങിയിരിക്കും. രാത്രി മുഴുവൻ അതിന്റെ അസ്വസ്ഥതകളാണ്. രാവിലെ എഴുന്നേറ്റ് വീണ്ടും പഴയപടി തന്നെ തുടരുന്നു. കഴിഞ്ഞ മൂന്നുമാസത്തിലധികമായി കേരളത്തിലെ റോഡുകളിലൂടെ സ്ഥിരമായി സഞ്ചരിക്കുന്നവരുടെ ഗതികേടാണിത്.

ജനങ്ങൾക്ക് ആരോഗ്യകരമായ യാത്രയ്ക്കുവേണ്ട സൗകര്യങ്ങൾ ഉറപ്പുവരുത്തേണ്ട ഭരണകൂടം ഇത്രയും നിഷ്ക്രിയവും ഉദാസീനവുമായ വേറൊരു കാലം ഉണ്ടായിട്ടില്ലെന്നുതോന്നുന്നു. ഭരിക്കുന്നവർക്കിടയിലെ പ്രശ്നങ്ങൾക്ക് ഇരകളാകേണ്ടിവരുന്നത് നമ്മൾ ജനങ്ങൾ. കേരളത്തിലെ കുഴികൾ നിറഞ്ഞ റോഡുകളുടെ മന്ത്രിക്ക് ചേരുന്ന പേര് 'കുഴിവിള' എന്ന് നാം വിളിക്കാൻ തുടങ്ങുമ്പോഴേക്കും താൻ തന്നെ തീർത്ത പാതാളത്തിലേക്ക് അദ്ദേഹം മുക്കുകുക്കി വീണുപോയി. ഇന്ന് പരാതി പറയാൻ ഒരു റോഡ് മന്ത്രി പോലുമില്ലാതെ നാം ദിവസവും വേദനയും അപമാനവും സഹിച്ച് വീടെത്തുന്നു. കാലാകാലങ്ങളിൽ ആവശ്യത്തിൽ കൂടുതൽ വർദ്ധിപ്പിക്കുന്ന യാത്രക്കൂലി യാതൊരു എതിർപ്പുകളുമില്ലാതെ കൊടുത്തുവരുന്ന നമുക്ക് കിട്ടുന്നതോ ഈ സേവനങ്ങളും. തങ്ങളുടെ ലാഭവർദ്ധനയുടെ തോത് കുറയുമ്പോൾ ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനും മറ്റും വേണ്ടി ദിവസങ്ങളോളം വാഹനങ്ങൾ നിരത്തിലിറക്കാതെ യാത്രക്കാരെ പീഢിപ്പിക്കുന്ന വാഹന ഉടമകളും വേതന വർദ്ധനവിന് തൊഴിലാളികൾ നടത്തുന്ന വാഹനസമരങ്ങളും ഇന്ന് കേരളത്തിൽ സർവ്വസാധാരണമാണ്. തങ്ങളുടെ ആരോഗ്യത്തെ തകർക്കുന്ന ഈ റോഡുകളുടെ അവസ്ഥകൾക്കെതിരെ തൊഴിലാളികളോ, തങ്ങൾ അടയ്ക്കുന്ന നികുതികൾക്ക് കിട്ടേണ്ട മിനിമം നല്ല റോഡുകൾക്കുവേണ്ടി ഉടമകളോ ഇന്നുവരെ ഒരു നേരം പോലും വാഹനങ്ങൾ മുടക്കിയിട്ടില്ല എന്നത് ഏറെ ദുഃഖമുണ്ടാക്കുന്നതാണ്. യാത്രക്കാർ സംഘടിതരല്ല എന്നതാണ് ഈ അവസ്ഥ ഇത്രയും രൂക്ഷമാകാൻ ഇടയാകുന്നത്. തങ്ങൾ പണം കൊടുത്ത് സ്വീകരിക്കുന്ന ഒരു സേവനത്തിലൂടെ തങ്ങൾക്ക് കിട്ടേണ്ട മിനിമം സൗകര്യങ്ങൾ പോലും കിട്ടാതെ വരികയും നമ്മുടെ പ്രതികരണം ശുഷ്കമാകുന്നു. സ്ഥാപിത താല്പര്യങ്ങളില്ലാതെ യാത്രക്കാർ സംഘടിക്കുന്നതിലൂടെ മാത്രമേ നല്ല റോഡിലൂടെ ആരോഗ്യകരമായ യാത്ര നമുക്ക് നേടിയെടുക്കാനാകൂ. എന്നാണ് യാത്രക്കാർക്ക് സ്വന്തം ശബ്ദം ഉയർത്താനാവുക.

*പി.ബി. 100, തൃശൂർ-1*

## വന്യജീവി സംരക്ഷണ വാരം

വിനോദ്കുമാർ ദാമോദർ

ഒക്ടോബർ 2 മുതൽ 8 വരെ വീണ്ടും ഒരു വന്യജീവി സംരക്ഷണവാരം കടന്നുവന്നിരിക്കുകയാണല്ലോ. വന്യജീവി സംരക്ഷണവാരത്തോടനുബന്ധിച്ചുള്ള സ്ഥിരം പരിപാടികളെക്കുറിച്ചുള്ള വനം-വന്യജീവി വകുപ്പിന്റെ പതിവ് പ്രഖ്യാപനങ്ങൾക്ക് തൊട്ടുപിന്നാലെ നെടുമ്പാശ്ശേരി വിമാനത്താവളത്തിന് തൊട്ടടുത്തായി അഞ്ചുവയസ്സിന് താഴെ പ്രായം തോന്നിക്കുന്ന കടുവയുടെ തോൽ 8-ാം തിയ്യതി പിടികൂടിയിരുന്നു. അന്താരാഷ്ട്ര മാർക്കറ്റിൽ ലക്ഷങ്ങൾ വിലമതിക്കുന്ന ഈ കടുവത്തോൽ വിദേശത്തേക്ക് കയറ്റി അയയ്ക്കുവാനുള്ള ശ്രമത്തിനിടയിലാണ് പിടികൂടിയത്.

കേരളത്തിലെ രണ്ടാമത്തെ കടുവ സംരക്ഷണകേന്ദ്രമായി പറമ്പിക്കുളം വന്യജീവി സങ്കേതത്തെ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയവും സംസ്ഥാന വന്യജീവി വകുപ്പും തുടങ്ങിക്കഴിഞ്ഞു. കോടികൾ മുടക്കി വീണ്ടും കടുവസംരക്ഷണ പദ്ധതികൾ ആരംഭിക്കുമ്പോൾ ശരിക്കും കടുവകൾ സംരക്ഷിപ്പെടുന്നുണ്ടോ എന്ന് കടുവാത്തോൽ പിടിക്കാനിടയായ സാഹചര്യത്തിൽ അന്വേഷിക്കേണ്ടിയിരിക്കുന്നു.

*ബ്രീസ്, കോഴിക്കോട്*

## സൈലന്റ്വാലി ബഫർ സോൺ പ്രഖ്യാപനം 23 ന്

സെപ്തംബർ 23 ന് മുക്കാലിയിൽവെച്ച് വി.എസ്. അച്യുതാനന്ദൻ സൈലന്റ്വാലിയുടെ കരുതൽ വനം രാഷ്ട്രത്തിന് സമർപ്പിക്കും.